# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - "**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015**"- സ്പെഷ്യൽ ഡ്രൈവ് - പ്രത്യേക നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

## റവന്യൂ(എ) വകുപ്പ്

സ.ഉ.(സാധാ)നം.5436/2014 /റവന്യൂ. തീയതി, തിരുവനന്തപുരം, 10.11.2014

==================================================================

പരാമർശം : 1) സ്പെഷ്യൽ ഓഫീസറുടെ 25.08.2014-ലെ LR(J)10-15612/14 നമ്പർ കത്ത്.

2) സ.ഉ(സാധാ)നം.4448/2014/റവന്യൂ, തീയതി 17.09.2014.

### ഉത്തരവ്

2015-ാം ആണ്ടോടുകൂടി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് "**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015**".

2. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കേണ്ട പ്രത്യേക തീവ്രയത്ന പരിപാടികൾ സംബന്ധിച്ച നിർദ്ദേശം പരാമർശം 1 പ്രകാരം സ്പെഷ്യൽ ഓഫീസർ സമർപ്പിച്ചിരുന്നു.

3. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-നായി ഭൂമി കണ്ടെത്തുന്നതിനായി 01.10.2014 മുതൽ 30.11.2014 വരെയുള്ള രണ്ട് മാസക്കാലം സ്പെഷ്യൽ ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി നടപ്പിലാക്കേണ്ടതാണ്:-

1) സർക്കാർ ഭൂമിയിലെ എല്ലാത്തരം കൈയ്യേറ്റങ്ങളും പൂർണ്ണമായും ഒഴിപ്പിച്ച് പദ്ധതിക്ക് ഉപയോഗപ്പെടുത്തേണ്ടതാണ്. ഇക്കാലയളവിൽ ജില്ലാ കളക്ടർമാർ കൈയ്യേറ്റ ഭൂമികളെ സംബന്ധിച്ചുള്ള കൃത്യമായ വിവരശേഖരണം നടത്തേണ്ടതും, ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കൈയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കേണ്ടതുമാണ്. വലിയ ദേഹണ്ഡങ്ങൾ ഉണ്ടാക്കിയിട്ടില്ലാത്ത കൈയ്യേറ്റഭൂമികൾ അടിയന്തിരമായി ഒഴിപ്പിച്ച് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

2) വിവിധ പദ്ധതികൾക്കായി ഏറ്റെടുത്തിരുന്നതും മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും എന്നാൽ അവർ ഉപയോഗിയ്ക്കാതെ കിടക്കുന്നതുമായ ഭൂമികൾ ചട്ടപ്രകാരം റവന്യൂ ഭൂമിയാക്കി മാറ്റുന്നതിനും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

3) ലാൻഡ് ബാങ്കിലെ വിവരങ്ങൾ കൂടി തീവ്രയത്ന കാലയളവിൽ ഉപയോഗപ്രദമാക്കി മാറ്റുന്നതിലേക്കായി ലാൻഡ് ബാങ്കിനെക്കൂടി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015-ന്റെ സ്പെഷ്യൽ ഓഫീസറുടെ അധീനതയിലാക്കിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഇ.കെ.മാജി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, സീറോ ലാന്റ് ലെസ് പ്രോജക്ട് 2015,
തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
അസിസ്റ്റന്റ് കമ്മീഷണർ (ലാന്റ് അസൈൻമെന്റ്) & സ്പെഷ്യൽ ഓഫീസർ,
കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം.
പൊതുഭരണ (സ്പെഷ്യൽ എ) വകുപ്പ്.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
റവന്യൂ (സി) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ